**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3973** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ; | (എ) | ആർദ്രം ഒന്നാം ഘട്ടത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാം ഘട്ടത്തിൽ കുനിശ്ശേരി, തേങ്കുറിശ്ശി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുത്ത് അവിടങ്ങളിൽ ഒ.പി കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം നിരീക്ഷണ മുറി, എയർപോർട്ട് മോഡൽ ചെയറോട്ടുകൂടിയ കാത്തിരിപ്പ് സ്ഥലം ഒരുക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും, മെച്ചപ്പെട്ട സേവനങ്ങളും നല്കി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യങ്ങളായി പ്രവർത്തിച്ച് വരുകയാണ്.<br><br>ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എൻ.എച്ച്.എം മുഖേന 15.5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കുഴൽമന്ദം, സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 പ്രോജക്റ്റ് മുഖേന 56,08,801/-(അൻപത്തി ആറ് ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുടെ നവീകരണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി<br><br>ആലത്തൂർ താലൂക്ക് ആശുപത്രിയ്ക്ക് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 15.07 കോടി രൂപയുടെ ധനാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർക്ക് നിലവിൽ Tender ചെയ്തിരിക്കുന്നു. |

<table>
<tr>
<td>(ബി)</td>
<td>ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പുതിയ തസ്തികകളാണ് മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളിൽ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?</td>
<td>(ബി)</td>
<td>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
<table>
<tr><th>സ്ഥാപനം</th><th>തസ്തിക</th></tr>
<tr><td>കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം</td><td>ഡോക്ടർ-1,<br>സ്റ്റാഫ് നഴ്സ്-2,<br>ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1</td></tr>
<tr><td>വണ്ടാഴി കുടുംബാരോഗ്യ കേന്ദ്രം</td><td>ഡോക്ടർ-1,<br>സ്റ്റാഫ് നഴ്സ്-2,<br>ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1</td></tr>
<tr><td>കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രം</td><td>ഡോക്ടർ-1,<br>സ്റ്റാഫ് നഴ്സ്-1</td></tr>
<tr><td rowspan="7">ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രി</td><td>ജൂനിയർ കൺസൾട്ടന്റ് ( മെഡിക്കൽ )-2</td></tr>
<tr><td>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4</td></tr>
<tr><td>ഡെന്റൽ മെക്കാനിക്ക്-1</td></tr>
<tr><td>ഇ.സി.ജി ടെക്നീഷ്യൻ-1</td></tr>
<tr><td>മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1</td></tr>
<tr><td>സ്റ്റാഫ് നഴ്സ്-2</td></tr>
<tr><td>ലാബ് ടെക്നീഷ്യൻ-1</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ